ബഹുമാനപ്പെട്ട ജി. സുധാകരൻ മന്ത്രിയായിരുന്നപ്പോൾ ഞാൻ അദ്ദേഹത്തോട് ഒരു കാര്യം ചോദിച്ചു. നിങ്ങൾ അവിടെയുണ്ടായിരുന്ന മുഴുവൻ ആദിവാസികളേയും ഒഴിവാക്കിയിട്ട് ഇടക്കാട്ടിലും അതുപോലെ തീരപ്രദേശങ്ങളിലും ഉള്ള സുധാകരേട്ടന്റെ ആളുകളെ അവിടെ നിയമിച്ചില്ലേ എന്ന് ചോദിച്ചപ്പോൾ മന്ത്രി പറഞ്ഞത് സുധാകരന്റെ ആളുകളെയാണ് നിശ്ചയിച്ചിട്ടുള്ളത് എന്നാണ്. ഇപ്പോൾ മന്ത്രി പറയുന്നത് ആദിവാസികളെ പഴയ രീതിയിൽ പരിഗണിക്കുമെന്നാണ്. കണ്ണവം ഫോറസ്റ്റിൽ നൂറു കണക്കിന് വാച്ചർമാരായി ഉണ്ടായിരുന്ന ആദിവാസികളെ പിരിച്ചുവിട്ട് തീരപ്രദേശങ്ങളിലുള്ളവരെ വാച്ചർമാരാക്കിയ നിലപാട് മാറ്റിയിട്ട് ആദിവാസികളെ തന്നെ വാച്ചർമാരാക്കി നിയമിക്കുന്നതിനുള്ള തീരുമാനം എടുക്കുമോ?

ശ്രീ. എ. സുജനപാൽ: ചോദ്യവുമായി ബന്ധപ്പെട്ട കാര്യമല്ല ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചത്. നേരത്തെ ഞാൻ സൂചിപ്പിച്ച വന സംരക്ഷണ കാര്യങ്ങളിൽ ഏറ്റവും കൂടുതൽ മുൻഗണന നൽകുന്നത് ആദിവാസികളുടെ കാര്യത്തിൽ മാത്രമാണ്. അതിനനുസരിച്ചുള്ള നിർദ്ദേശം ഫോറസ്റ്റ് വകുപ്പിന്റെ എല്ലാ മേഖലകളിലും അറിയിച്ചിട്ടുണ്ട്.

ഖാദി ഗ്രാമ വ്യവസായ യൂണിറ്റുകൾ പുനരുദ്ധരിക്കാൻ നടപടി

2 [*86] ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ഡോ. തോമസ് ഐസക്ക് :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഖാദി ഗ്രാമ വ്യവസായ യൂണിറ്റുകളുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വൻ തകർച്ചയെ നേരിടുന്ന യൂണിറ്റുകളെ പുനരുദ്ധരിക്കുവാൻ എന്തെങ്കിലും നടപടി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) വിശദ വിവരം വെളിപ്പെടുത്തുമോ;

(ഡി) കഴിഞ്ഞ നാല് വർഷത്തിനിടയിൽ ഖാദി ഗ്രാമ വ്യവസായത്തിന്റെ പ്രവർത്തനങ്ങൾക്ക് ലഭിച്ച കേന്ദ്ര സഹായം എത്രയാണെന്ന് വർഷം തിരിച്ച് വെളിപ്പെടുത്തുമോ;

(ഇ) ഖാദി ഗ്രാമ വ്യവസായ യൂണിറ്റുകളുടെ പുനരുദ്ധാരണത്തിന് കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്):

(എ) ഉണ്ട്.

(ബി & സി) ഖാദി ഗ്രാമ വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ബന്ധപ്പെട്ടവരുടെ ഒരു യോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 13-10-04 ന് ചേർന്നു. പ്രസ്തുത ചർച്ചയുടെ അടിസ്ഥാനത്തിൽ ഖാദി തൊഴിലാളികൾക്ക് ഉല്പാദന ഇൻസെന്റീവ്, റിബേറ്റ് കുടിശ്ശിക, പലിശ സബ്സിഡി കുടിശ്ശിക എന്നിവ അനുവദിച്ചു. ഖാദി വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന സഹകരണ സംഘങ്ങൾക്കും ചാരിറ്റബിൾ സംഘങ്ങൾക്കും തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന സാമ്പത്തിക സഹായം അനുവദിക്കുന്നതിന് അനുമതി നൽകി. ഖാദി ചില്ലറ വില്പനയ്ക്ക് കേന്ദ്ര സർക്കാർ നൽകിവന്നിരുന്ന റിബേറ്റ് തുടർന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു. ഖാദി യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനായി ഖാദി മിഷൻ പദ്ധതിയിലുൾപ്പെടുത്തി 6.26 കോടി രൂപയുടെ പദ്ധതി സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് മുഖേന കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിന് പുറമേ കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം ഖാദി ഗ്രാമ വ്യവസായങ്ങൾക്ക് 19.65 കോടി രൂപ അനുവദിക്കുന്നതിനുള്ള ഒരു പദ്ധതിയും കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. 1465 ചർക്കകളും 305 തറികളും മാറ്റി സ്ഥാപിക്കുന്നതിന് 363.55 ലക്ഷം രൂപയുടെ പദ്ധതി ബജറ്റിൽ ഉൾപ്പെടുത്തുന്നതിനായി ഖാദി കമ്മീഷന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ എസ്. ജി. എസ്. വൈ. (സ്പെഷ്യൽ)-ൽ പ്പെടുത്തി 8 ജില്ലകളിലായി 4200 പേർക്ക് ഖാദി വ്യവസായത്തിൽ തൊഴിൽ ലഭിക്കുന്നതിനായി കേന്ദ്രസർക്കാരിന് നൽകുന്നതിന് കൂപ്പടം എന്ന പേരിൽ 13.87 കോടി രൂപയുടെ ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനായി സമർപ്പിക്കുന്നതിന് ഖാദി കമ്മീഷൻ മുഖേന നടപ്പാക്കുന്ന കേന്ദ്രസർക്കാർ പദ്ധതിയായ Scheme of fund for Regeneration of Traditional Industries പ്രകാരം പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

(ഡി) ആകെ 3183.717 ലക്ഷം രൂപ ഖാദി ബോർഡിനു ലഭിച്ചു. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഇ) ഉണ്ട്.

(എഫ്) മേൽ സൂചിപ്പിച്ച പ്രകാരം താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ട്:

(1) 1465 ചർക്കകളും 305 തറികളും മാറ്റി സ്ഥാപിക്കുന്നതിന് 363.55 ലക്ഷം രൂപയുടെ പദ്ധതി ബജറ്റിൽ ഉൾപ്പെടുത്തുന്നതിനായി ഖാദി കമ്മീഷന് സമർപ്പിച്ചിട്ടുണ്ട്.

(2) പഴക്കം ചെന്ന തറികളും ചർക്കകളും മാറ്റി സ്ഥാപിക്കുന്നതിനും ഖാദി നൂൽ-നെയ്ത്ത് പരിശീലനം നൽകുന്നതിനും തേനീച്ച വളർത്തൽ വികസനത്തിനുമായി കേന്ദ്രാവിഷ്കൃത പദ്ധതിയിൽ 19.65 കോടി രൂപയുടെ പദ്ധതി സമർപ്പിച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(3) പഴയ ചർക്കകളും തറികളും മാറ്റി സ്ഥാപിക്കുന്നതിനും പരിശീലനത്തിനുമായി 6.25 കോടി രൂപയുടെ പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

(4) കേന്ദ്രാവിഷ്കൃത പദ്ധതിയായ എസ്. ജി. എസ്. വൈ. (സ്പെഷ്യൽ)-ൽ പെടുത്തി 8 ജില്ലകളിലായി 4200 പേർക്ക് ഖാദി വ്യവസായത്തിൽ തൊഴിൽ ലഭിക്കുന്നതിനായി കേന്ദ്ര സർക്കാരിന് നൽകുന്നതിന് കുപ്പടം എന്ന പേരിൽ 13.87 കോടി രൂപയുടെ ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(5) പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനായി ഖാദി കമ്മീഷൻ മുഖേന നടപ്പാക്കുന്ന കേന്ദ്ര സർക്കാർ പദ്ധതിയായ Scheme of fund for Regeneration of Traditional Industries പ്രകാരമുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : പൊതുമേഖലയെ ഏറ്റവുമധികം ദോഷകരമായി ബാധിക്കുന്ന ഒന്നാണ് നമ്മുടെ വാറ്റ് നിയമം. ആ നിയമം അവതരിപ്പിക്കുന്ന അവസരത്തിൽ ഖാദി കമ്മീഷൻ സർട്ടിഫൈ ചെയ്യുന്ന ഉൽപ്പന്നങ്ങൾക്ക് നികുതിയിളവ് നൽകുമെന്ന് പറഞ്ഞിരുന്നു. എന്നാൽ വാറ്റ് നിയമമായി വന്നപ്പോൾ ഖാദി ഗ്രാമ വ്യവസായ സംരംഭത്തിന്റെ ഭാഗമായി ഉൽപ്പാദിപ്പിക്കപ്പെടുന്ന 95 ശതമാനം ഉൽപ്പന്നങ്ങൾക്കും 12.5 ശതമാനം നികുതി എന്നുള്ളതാണ് വന്നിട്ടുള്ളത്. അതുകൊണ്ട് പല യൂണിറ്റുകളും ഇന്ന് അടച്ചുപൂട്ടുകയാണ്. ആർ.എൽ.ഇ.ജി.പി. അനുസരിച്ച് ആരംഭിച്ച 21,000-ത്തോളം യൂണിറ്റുകൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയെല്ലാം തന്നെ ഇന്ന് വലിയ പ്രതിസന്ധിയിലാണ്. ഈ പ്രതിസന്ധി മറികടക്കാനാവശ്യമായ എന്തെങ്കിലും സംവിധാനമുണ്ടാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. സി. എഫ്. തോമസ്: ഖാദി മേഖലയിൽ ടാക്സിന്റെ പ്രശ്നമുണ്ട്. പക്ഷേ ഖാദി തുണിത്തരങ്ങൾക്കും ഖാദിക്കും സെയിൽടാക്സ് ഇല്ല. അതിനു പുറമെ 21 ഗ്രാമവ്യവസായ ഇനങ്ങളെക്കൂടി വാറ്റ് വന്നിട്ടും ഒഴിവാക്കിയിട്ടുണ്ട്. കുറേക്കൂടി കൊടുക്കുന്നത് നല്ലതാണ്. തീർച്ചയായും അതിനുള്ള പൊതുജനാഭിപ്രായം ഉണ്ടാകേണ്ടതുണ്ട്. ഇപ്പോൾ ഖാദിക്ക് മുഴുവനായും അതിനുപുറമെ 21 ഗ്രാമ വ്യവസായ ഇനങ്ങൾക്കും വാറ്റ് വന്നശേഷവും സെയിൽടാക്സ് എക്സംപ്ഷൻ ഉണ്ട്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : ഖാദി വ്യവസായ യൂണിറ്റുകൾ പലതും വലിയ പ്രതിസന്ധിയിലാണ്. തൊഴിലാളികൾ സെക്രട്ടേറിയറ്റിന് മുന്നിൽ ഉപവാസ സമരം ആരംഭിച്ചിട്ടുണ്ട്. അവരുടെ ജീവൽപ്രധാനമായ പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ടാണ് സമരം ചെയ്യുന്നത്. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു സംഗതി ഖാദി വ്യവസായവുമായി ബന്ധപ്പെട്ട ക്ഷേമനിധിയാണ്. മരണാനന്തര സഹായം, വിവാഹ സഹായം, വിദ്യാഭ്യാസ സഹായം, പെൻഷൻ ആനുകൂല്യങ്ങൾ ഇതെല്ലാം നൽകുന്നത് ക്ഷേമനിധിയുമായി ബന്ധപ്പെട്ടാണ്. പക്ഷേ ക്ഷേമനിധിയിലേക്ക് സർക്കാർ അടയ്ക്കേണ്ടുന്ന വിഹിതം കൃത്യമായി അടയ്ക്കാത്ത നില ഇപ്പോഴും തുടരുകയാണ്. ക്ഷേമനിധിയിലേക്ക് സർക്കാർ അടയ്ക്കേണ്ടുന്ന വിഹിതം യഥാസമയം അടയ്ക്കുമോ; എത്രയാണ് കുടിശ്ശികയുള്ളത് എന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എഫ്. തോമസ് : ക്ഷേമനിധിയുടെ പ്രവർത്തനങ്ങളാണ് വാസ്തവത്തിൽ ഖാദി തൊഴിലാളികൾക്ക് ആശ്വാസമായിട്ടുള്ളത്. കേരളത്തിലെ മറ്റ് തൊഴിലാളികളുമായി താരതമ്യം ചെയ്താൽ ഖാദി തൊഴിലാളികൾ ഏറെ കഷ്ടപ്പാടുകൾ സഹിക്കുന്നവരാണ്. ക്ഷേമനിധിയിലേക്കുള്ള കോൺട്രിബ്യൂഷൻ പല മേഖലയിൽനിന്നും വരേണ്ടതാണ്. ഗവൺമെന്റിന്റേതും സ്ഥാപനങ്ങളുടേതും ഉണ്ട്. ഇതൊക്കെത്തന്നെ സമയത്തും കൃത്യമായും അടയ്ക്കാനുള്ള ശ്രമങ്ങൾ നടത്തി വരികയാണ്.

ഡോ. തോമസ് ഐസക്ക് : ഖാദി വ്യവസായ യൂണിറ്റുകളുടെ പുനരുദ്ധാരണത്തിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ (എഫ്) ചോദ്യത്തിന് ഉത്തരമായി നൽകിയിട്ടുണ്ട്. അത് വായിച്ചു നോക്കുമ്പോൾ കാണുന്നത് എല്ലാ പരിപാടികളും, പുതിയ ചർക്കകൾ സ്ഥാപിക്കുന്നതിന് അല്ലെങ്കിൽ തറികൾ സ്ഥാപിക്കുന്നതിന് അല്ലെങ്കിൽ പഴക്കമുള്ളവ മാറ്റി സ്ഥാപിക്കുന്നതിന് അല്ലെങ്കിൽ കുപ്പടം യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ളതാണ്. അതേസമയം നമ്മുടെ ഇക്കണോമിക് റിവ്യൂവിൽ പറയുന്നത് ഖാദി ഉൽപ്പന്നങ്ങളുടെ മൊത്തം ഉൽപ്പാദനം 181 കോടി രൂപയുടെതാണെന്നാണ്. അതിൽ അഞ്ച് കോടിയിൽ താഴെ മാത്രമേ തുണിത്തരങ്ങൾ വരുന്നുള്ളു. എന്തുകൊണ്ടാണ് സർക്കാർ 95 ശതമാനം വരുന്ന മറ്റ് ഖാദി വ്യവസായങ്ങളുടെ വികസനത്തിനുവേണ്ടി ഒരു സ്കീമും ഇതുവരെ സമർപ്പിക്കാതിരുന്നത്?

ശ്രീ. സി. എഫ്. തോമസ് : സർ, പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനായി ഖാദി കമ്മീഷൻ മുഖേന നടപ്പിലാക്കുന്ന Scheme of fund for Regeneration of Traditional Industries പ്രകാരമുള്ള സ്കീമും കൊടുത്തിട്ടുണ്ട്. നമ്മൾ ഓരോ സ്കീമും സമയത്തുതന്നെ കൊടുക്കുന്നുണ്ട്.

ഡോ. തോമസ് ഐസക്ക് : ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനുള്ള സ്കീമാണെന്നാണ്. കേന്ദ്രത്തിലെ യു.പി.എ. സർക്കാർ പ്രഖ്യാപിച്ച പ്രത്യേക ഫണ്ടിനുവേണ്ടി പദ്ധതി തയ്യാറാക്കുന്നുണ്ട്. കേന്ദ്ര സർക്കാർ ഈ സ്കീം പ്രഖ്യാപിച്ചിട്ട് എത്ര മാസമായിയെന്ന ചോദ്യത്തിന് മന്ത്രിയുടെ മറുപടി അതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നതേയുള്ളു എന്നാണ്. ഇതിൽപ്പരം ആക്ഷേപകരമായ ഒരു നിലയുണ്ടോ; എന്റെ ചോദ്യം അങ്ങ് നൽകിയ ഉത്തരത്തിൽ ഖാദി കമ്മീഷന് 2003-2004-ൽ 11 കോടി രൂപയും 2004-2005-ൽ ആറരക്കോടി രൂപയും 2005-2006-ൽ ആറരക്കോടി രൂപയും കിട്ടി. Demand Driven Scheme-ൽ നിന്ന് പണം ലഭിക്കാത്തത് നിങ്ങൾ ഈ സ്കീം കൊടുക്കാത്തത് കൊണ്ടല്ലേ?

ശ്രീ. സി. എഫ്. തോമസ് : ഇക്കാര്യത്തിൽ നല്ല താൽപ്പര്യം എടുക്കുന്നുണ്ട്. കേന്ദ്ര മന്ത്രിയുമായും ഖാദി കമ്മീഷനുമായി ബന്ധപ്പെട്ട് മാക്സിമം സഹായം നമുക്ക് ഈ രംഗത്തേക്ക് കിട്ടുവാനുള്ള എല്ലാ ശ്രമങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണ്. ഇനി നിർദ്ദേശങ്ങൾ വന്നാൽ അതും സ്വീകരിക്കും.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : മന്ത്രിയുടെ മറുപടിയിൽ കേരളത്തിലെ ഖാദി ഗ്രാമ വ്യവസായ സ്ഥാപനങ്ങൾ ഗുരുതരമായ പ്രതിസന്ധിയിലാണെന്നുള്ള കാര്യം സമ്മതിച്ചിട്ടുണ്ട്. ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് നൽകേണ്ട റിബേറ്റ് സംഖ്യ കൊടുക്കുന്നത് വളരെ അത്യാവശ്യമായിട്ടുള്ളതാണ്. മറുപടിയിൽ നിന്ന് 13-10-2004-ൽ മുഖ്യമന്ത്രിയുടെ ചേമ്പറിൽ ചേർന്നിട്ടുള്ള യോഗത്തിൽ ഈ റിബേറ്റ് കുടിശ്ശിക കൊടുക്കാൻ അടുത്ത ബഡ്ജറ്റിൽ സംഖ്യ വകയിരുത്താം എന്ന് പറഞ്ഞിട്ടുണ്ട്. 9-2-2005-ലെ യോഗത്തിൽ റിബേറ്റ് കുടിശ്ശിക നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ് എന്ന് പറഞ്ഞിട്ടുണ്ട്. സർക്കാർ കൊടുക്കാനുള്ള കുടിശ്ശിക ഇപ്പോൾ എത്രയാണ്; നേരത്തേ നടത്താം എന്നു പറഞ്ഞ പരിശോധന പൂർത്തീകരിച്ചിട്ടുണ്ടോ; റിബേറ്റ് ഇനത്തിൽ കൊടുക്കാനുള്ള സംഖ്യ പൂർണ്ണമായും അടിയന്തിരമായി കൊടുത്തുതീർക്കുമോ?

ശ്രീ. സി. എഫ്. തോമസ് : കണക്കുകൾ വിശദമായിട്ടുണ്ട്. നടപ്പ് വർഷം, ഇപ്പോൾ കടന്നുപോകുന്ന വർഷം റിബേറ്റ് തുക വകയിരുത്തിയിരിക്കുന്നത് 400 ലക്ഷം രൂപയാണ്. അതിൽ ഇപ്പോൾത്തന്നെ 160 ലക്ഷം രൂപ കൊടുത്തുകഴിഞ്ഞു. ഇനി മാർച്ച് 31-ന് മുമ്പ് ബാക്കി തുക ലഭിക്കും, അത് കൊടുക്കും. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴുള്ളതുകൂടി ശ്രദ്ധിക്കണം. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ കുടിശ്ശികയായി 640 ലക്ഷം രൂപ ഉണ്ടായിരുന്നു. അതൊരു വസ്തുതയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം റിബേറ്റ് ഇനത്തിൽ നൽകാനുള്ള തുക 981.9 ലക്ഷം രൂപയായി മാറി. ഗവൺമെന്റ് ഈ കഴിഞ്ഞ നാലേമുക്കാൽ കൊല്ലംകൊണ്ട് 1112.17 ലക്ഷം രൂപ റിബേറ്റിനുവേണ്ടി കൊടുത്തു. വലിയ മാറ്റമാണ് ഈ രംഗത്ത് വന്നിട്ടുള്ളത്. ഇപ്പോൾ കുടിശ്ശികയായി തുക നിൽക്കുന്നുണ്ട്. അവിടെയും ഗവൺമെന്റ് പിന്നോക്കം പോകുന്നില്ല. കഴിഞ്ഞ വെള്ളിയാഴ്ച അവതരിപ്പിച്ച ബഡ്ജറ്റിൽ ചില്ലറ വിൽപ്പനയ്ക്കുള്ള പ്രത്യേക റിബേറ്റിനുവേണ്ടി നമ്മുടെ ധനകാര്യ മന്ത്രി 4.30 കോടി രൂപയാണ് അടുത്ത വർഷത്തേക്ക് മാറ്റി വച്ചിരിക്കുന്നത്. വമ്പിച്ച രീതിയിലുള്ള ഒരു മാറ്റമാണ് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ കോൺഫറൻസിനെത്തുടർന്ന് റിബേറ്റ് ഇനത്തിൽ വന്നിരിക്കുന്നത്. കുടിശ്ശിക കൊടുത്തുതീർക്കാനുള്ള നടപടി കൃത്യമായി സ്വീകരിക്കുന്നതാണ്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, ഖാദി മേഖലയിൽ തൊഴിലാളികളുടെ കൂലി എന്ന് പറയുന്നത് വളരെ കുറവാണ്. അവർക്ക് മിനിമം ഒരു ദിവസം 25, 30 ഉറുപ്പികയാണ് കൂലിയായി ലഭിക്കുന്നത്. മാസത്തിലാണെങ്കിൽ പത്ത് മുതൽ പതിനഞ്ച് ദിവസം വരെയാണ് പണി. ഈ രംഗത്ത് നേരത്തേ 30,000-ത്തോളം പേർ ഉണ്ടായിരുന്നതാണ്. ആളുകളുടെ എണ്ണം ഇപ്പോൾ കുറഞ്ഞു. യഥാർത്ഥത്തിൽ ഈ മേഖലയിൽ ഇപ്പോൾ മിനിമം കൂലി നിലവിലില്ല. മഹാകവി വള്ളത്തോൾ തന്നെ "ഖാദി വസനങ്ങൾ കൈക്കൊൾകിനേവരും" എന്നു പറഞ്ഞിട്ടുണ്ട്. ഈ മേഖലയിൽ മിനിമം കൂലി നടപ്പാക്കുന്നതിന് വേണ്ടിയുള്ള എന്തെങ്കിലും നടപടികൾ സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എഫ്. തോമസ്: നിങ്ങൾക്കൊക്കെ അറിയാവുന്നതാണ്. മിനിമം വേജസ് നടപ്പാക്കുന്നത് നമ്മുടെ നിയന്ത്രണത്തിൽപ്പെട്ട കാര്യമല്ല. Cost chart ഇതിൽ വലിയ പ്രശ്നമാണ്. ഖാദി കമ്മീഷന്റെ അംഗീകാരം വേണം. Cost chart-നെ മറികടന്നുകൊണ്ട് മിനിമം വേജസ് പ്രഖ്യാപിക്കാൻ നമുക്ക് സാധിക്കുകയില്ല. അതാണ് അതിന്റെ വിഷമം. കേരളത്തിൽ ഖാദി തൊഴിലാളികൾ വിഷമിക്കുന്നുണ്ട്. ഇതിൽ ഏറ്റവും രസകരമായ ഒരു കാര്യം ഉണ്ട്. ഇത്രയും വിഷമിക്കുന്ന നമ്മുടെ പാവപ്പെട്ട ഖാദി തൊഴിലാളികളുടെ അവസ്ഥ മറ്റ് സംസ്ഥാനങ്ങളേക്കാൾ മെച്ചമാണ്. അതിനു പുറമെ നമ്മുടെ ഗവൺമെന്റ് മുൻകൈ എടുത്തുകൊണ്ട് ഈ മേഖലയിലുള്ള പാവപ്പെട്ട തൊഴിലാളികളുടെ വരുമാനക്കുറവിന് ആശ്വാസം കൊടുക്കാൻവേണ്ടിയാണ് ഇൻഡ്യയിൽ ആദ്യമായി ഖാദി തൊഴിലാളികൾക്ക് ക്ഷേമനിധി കൊണ്ടുവന്നത്. അതിനു പുറമെ ഈ ഗവൺമെന്റ് വന്നശേഷം അവർക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് കൊടുക്കുന്നുണ്ട്. സ്പിന്നിംഗിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് ഒരു കഴി നൂൽനൂൽപ്പ് നടത്തിയാൽ അതിന് പത്ത് പൈസയും വീവിംഗിന് ഉപയോഗിക്കുന്ന ഓരോ കഴിക്കും നാൽപ്പത് പൈസയും കൊടുത്തുവരുന്നു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, ഖാദി മേഖലയിൽ 90 ശതമാനത്തിലധികം വരുന്ന സഹോദരിമാരാണ് ജോലി ചെയ്യുന്നത്. ഖാദി തൊഴിലാളികളുടെ വിവിധ പ്രശ്നങ്ങളെ സംബന്ധിച്ച് ഞാൻ നേരത്തേ അങ്ങേയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഈ മേഖലയിൽ അതിരൂക്ഷമായ തൊഴിലില്ലായ്മയാണ്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിരിക്കും. അപ്പോൾ ബഹുമാനപ്പെട്ട മെമ്പർമാർ ചോദിച്ച ചോദ്യത്തിന് ഉത്തരം പറഞ്ഞ കൂട്ടത്തിൽ അങ്ങ് ഇത് പരിഗണിക്കേണ്ടതായിരുന്നു. ഇപ്പോൾ മിനിമം വേജസില്ല, എന്നുമാത്രമല്ല കൂലിയും ഇല്ല. ഞാൻ നിരവധി തവണ ചോദിച്ച ചോദ്യം ആവർത്തിക്കുകയാണ്. കെട്ടിക്കിടക്കുന്ന ഉൽപ്പന്നങ്ങൾ അങ്ങ് എന്ത് ചെയ്യാനാണ് തീരുമാനിച്ചിരിക്കുന്നത്; കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള ആശുപത്രികളിലും മറ്റ് സ്ഥാപനങ്ങളിലും ഖാദി തുണിത്തരങ്ങൾ ഉപയോഗിക്കുന്നുണ്ട്. കേരളത്തിലാകെ വിറ്റഴിയുന്ന ഖാദിത്തുണിത്തരങ്ങളുടെ നാലിലൊന്നുപോലും ഇപ്പോൾ ഉൽപ്പാദിപ്പിക്കുന്നില്ല. ഈ മേഖലയിലെ അതിരൂക്ഷമായ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി മിനിമം വേജസ് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. സി. എഫ്. തോമസ്: ശ്രീമതി പി.കെ. ശ്രീമതി ടീച്ചർക്ക് നല്ലപോലെ അറിയാവുന്ന കാര്യമാണ്. മലബാർ, കണ്ണൂർ, പയ്യന്നൂർ എന്നിവിടങ്ങളിലെ മെമ്പർമാർക്ക് ആക്ചലായി പ്രോബ്ലം എന്താണെന്നറിയാം. നമുക്ക് മിനിമം കൂലി പ്രഖ്യാപിക്കാൻ സാധിക്കില്ല. കോസ്റ്റ് ചാർട്ട് നിൽക്കുന്നതുകൊണ്ട് ഖാദികമ്മിഷന്റെ അംഗീകാരം വേണം. അതാണ് ഒന്നാമത്തേത്. രണ്ടാമതായി നമ്മൾ വളരെ നിഷ്പക്ഷമായി ഓർമ്മ പുതുക്കേണ്ടതാണ്. നാലേമുക്കാൽ കൊല്ലമായി നൂൽ കെട്ടിക്കിടക്കുകയായിരുന്നു. അതുകൊണ്ടാണ് വീവിംഗിന് 40 പൈസ ഇൻസെന്റീവ് കൊടുത്തത്. തൊഴിലാളികൾക്ക് വീവിംഗ് മേഖലയിൽ വരാൻ താൽപ്പര്യക്കുറവാണ്. അതിന് കൂടുതൽ പ്രയത്നം വേണം. അതിനെ കൂടുതൽ ആകർഷകമാക്കാൻ വേണ്ടി ഒരു കഴി നൂൽ ഉപയോഗിച്ച് വീവിംഗ് നടത്തിയാൽ കൂലിക്ക് പുറമെ 40 പൈസ ഇൻസെന്റീവ്

പ്രഖ്യാപിച്ചു. കെട്ടിക്കിടക്കുന്ന നൂലിന്റെ 80 ശതമാനത്തോളം വസ്ത്രങ്ങളാക്കി മാറ്റിയെടുക്കുന്നതിൽ ഈ ഗവൺമെന്റ് വിജയിക്കുകയും കെട്ടിക്കിടക്കുന്ന നൂലിന്റെ അളവ് ഗണ്യമായി കുറച്ചുകൊണ്ടുവരുകയും ചെയ്തു. മറ്റൊരു കാര്യം ഖാദിയിൽ ഉണ്ടാക്കുന്ന വസ്ത്രങ്ങൾ നമ്മൾ ഗൾഫ് രാജ്യങ്ങളിലേക്ക് എക്സ്പോർട്ട് ചെയ്യാൻ തുടങ്ങിയിട്ടുണ്ടെന്നുള്ളതാണ്. ആദ്യമായി നമ്മൾ ഇത് നടപ്പിലാക്കിയതാണ്; ഖാദിയുടെ വിൽപ്പനയ്ക്കുള്ള ഔട്ട്ലെറ്റ്സ് ഒക്കെ മെച്ചപ്പെടുത്തിക്കൊണ്ട് നടപ്പാക്കുന്നു. എറണാകുളത്താണെങ്കിൽ ഖാദി ഭവൻ എന്ന ഒരു സ്ഥാപനം ലക്ഷങ്ങൾ മുതൽ മുടക്കി പൂർത്തിയാക്കി. അവിടെ ഒന്നാന്തരം കച്ചവടമാണ് നടക്കുന്നത്. കേരളത്തിന്റെ എല്ലാ ഭാഗത്തുനിന്നുമുള്ള ഉൽപ്പന്നങ്ങൾ അവിടെക്കൊണ്ടുവന്ന് സ്ഥിരം സംവിധാനമായി വിറ്റഴിക്കുന്നതാണ്. ഇവിടെ പറഞ്ഞ വികാരത്തോട് യോജിച്ചുകൊണ്ട് മാക്സിമം ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യുന്നതാണ്.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: എല്ലാം എനിക്കറിയാമെന്നു പറഞ്ഞതുകൊണ്ടായില്ല. പയ്യന്നൂരിൽ മാത്രം 4 വർഷം മുമ്പ് ജോലി ചെയ്തിരുന്നവരുടെ പകുതി പോലും ഇപ്പോൾ ആ മേഖലയിൽ ജോലി ചെയ്യുന്നില്ല. ഏതായാലും എനിക്കറിയാത്ത ഒരു കാര്യം ഞാൻ ചോദിക്കുകയാണ്. ഈ ക്ഷേമനിധി ബോർഡിൽ ഐ.എൻ.ടി.യു.സി-യുടെ പ്രതിനിധിയുൾപ്പെടെ മറ്റാരേയും ഉൾപ്പെടുത്തിയിട്ടില്ല. മുമ്പ് ഉണ്ടായിരുന്നു. ഈ നാലേമുക്കാൽ വർഷമായി തൊഴിലാളികളുടെ ക്ഷേമത്തെ മുൻനിർത്തി നടപ്പിലാക്കണമെന്ന് തീരുമാനിച്ച പദ്ധതികൾ മുഴുവൻ അവതാളത്തിലാവുകയാണ്. എന്തുകൊണ്ട് ക്ഷേമനിധി ബോർഡ് പുനഃസംഘടിപ്പിക്കുന്നില്ല; ഈ ക്ഷേമനിധിബോർഡ് പുനഃസ്ഥാപിക്കാൻ വല്ല തീരുമാനവും എടുക്കുമോ?

ശ്രീ. സി. എഫ്. തോമസ്: ഞാൻ സി.ഐ.ടി.യു.-വിന്റെ മെമ്പറുടെ പേരു ചോദിച്ചു, പേർ കിട്ടിയിട്ടുണ്ട്. സെക്രട്ടേറിയറ്റിൽ അടുത്തദിവസമിത് ഓർഡറാക്കും.

ശ്രീ. വർക്കല കഹാർ: സർ, ഖാദിയും ഖാദി ഉൽപ്പന്നങ്ങളും ഉൾക്കൊള്ളുന്ന ഈ യൂണിറ്റുകളെ നാശത്തിൽനിന്ന് രക്ഷിക്കുന്നതിന് വിവിധ ആവശ്യങ്ങൾ എല്ലാ കാലത്തുമുണ്ടായിട്ടുണ്ട്. ദേശീയ ഖാദി കമ്മിഷനും കേന്ദ്രഗവൺമെന്റും കഴിഞ്ഞ കാലങ്ങളിലെപ്പോലെ അനുഭാവപൂർവ്വമായൊരു സമീപനം ഇതിൽ സ്വീകരിക്കുന്നില്ല. നമ്മുടെ സംസ്ഥാന സർക്കാർ ഈ രംഗത്ത് ധാരാളം കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഇനിയും പ്രധാനപ്പെട്ട ചില ആവശ്യങ്ങൾ കൂടിയുണ്ട്. ഒന്നാമതായി ഈ രംഗത്ത് ഡൈവേഴ്സിഫിക്കേഷൻ ഉണ്ടാകണം. രണ്ടാമതായി ഖാദി ഉൽപ്പന്നങ്ങൾ സർക്കാരിന്റെ നീതി സ്റ്റോറുകളിലൂടെയും മാവേലി സ്റ്റോറുകളിലൂടെയും വിൽക്കാനുള്ള സംവിധാനമുണ്ടാക്കണം. അതുപോലെ കളള ഖാദി നിരോധിക്കണം. ഈ മൂന്ന് കാര്യങ്ങളും പരിഗണിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. സി. എഫ്. തോമസ്: ഖാദി വസ്ത്രങ്ങളുടെ ഡിസൈനുകൾ കാലത്തിനനുസരിച്ച് ചെയിഞ്ച് ചെയ്യാനുള്ള പരിശീലന പദ്ധതികൾ തന്നെയുണ്ട്. നല്ല ഡിസൈനുകൾക്ക് രൂപം നൽകിയിട്ടുള്ളതിനാൽ ഇപ്പോൾ ഖാദി വസ്ത്രങ്ങൾ കൂടുതൽ വിറ്റഴിയുന്നുണ്ട്. പയ്യന്നൂർ പട്ടിന് മറ്റ് സിൽക്ക് സാരികളേക്കാൾ ഖാദി സ്റ്റോറുകളിൽ ഇപ്പോൾ വലിയ ഡിമാന്റാണ്. ഡിസൈനുകളിൽ കാലോചിതമായ പരിഷ്ക്കാരം വരുത്തിയതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടാണ് ഏറെ വിറ്റഴിയുന്നത്. അങ്ങ് പറഞ്ഞ നിർദ്ദേശങ്ങൾ സ്വീകാര്യമാണ്. മാവേലി സ്റ്റോറുകളിലൂടെ ഖാദി ഉൽപ്പന്നങ്ങൾ വിൽക്കാനായി സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിനോട് ആലോചിച്ച് അതിനുള്ള നടപടികൾ സ്വീകരിക്കാൻ പോകുകയാണ്.

ശ്രീ. എ. സി. ഷൺമുഖദാസ്: കേരളത്തിൽ ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മിഷന് ഖാദി ബോർഡിനുപുറമേ കേരള സർവ്വോദയ സംഘം വ്യാപകമായി നൂൽ നെയ്ത്ത് കേന്ദ്രങ്ങൾ തുടങ്ങിയിട്ടുണ്ട്. കണ്ണൂരും കോഴിക്കോടുമുള്ളവ പ്രത്യേക രീതിയിലുള്ള സർവ്വോദയ സംഘങ്ങളാക്കി. ഇവയിലുള്ള ചർക്കകളും തറികളും പഴയതാണ്. സെമി മെക്കനൈസേഷൻ കേരളത്തിൽ വ്യാപകമായി നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്നെങ്കിലും നടന്നില്ല. കേരളത്തിലെ തൊഴിലില്ലായ്മയ്ക്ക് പരിഹാരമായ മാർഗ്ഗമെന്നനിലയിൽ ഖാദി കുടിൽ രംഗം തൊഴിൽ മേഖലയാണെന്നത് കണക്കാക്കി ഈ പഴയ തറിയും ചർക്കയും മാറ്റി സെമി മെക്കനൈസേഷൻ നടപ്പാക്കണം. കേന്ദ്ര ഖാദി കമ്മിഷനാണെങ്കിൽ stone crusher വരെയുള്ള കാര്യങ്ങൾക്ക് പണം കൊടുത്തുതുടങ്ങിയിരിക്കുന്നു. കേരളത്തെ സംബന്ധിച്ചിടത്തോളം സോപ്പ് നിർമ്മാണം, തേൻ സംസ്ക്കരണം, ഔഷധി തുടങ്ങിയവയുടെ കാര്യത്തിൽ ശ്രമം നടത്തി ഈ സൊസൈറ്റികൾ പുനഃസ്ഥാപിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രീ. സി. എഫ്. തോമസ്: അങ്ങ് പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഈ രംഗത്ത് മാറ്റം വന്നതാണ്. അതിനായി 1465 ചർക്കകളും 305 തറികളും മാറ്റി സ്ഥാപിക്കുന്നതിന് 363.55 ലക്ഷം രൂപയുടെ പദ്ധതി ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്താനായി ഇപ്പോൾ പറഞ്ഞപോലെ ഖാദി കമ്മിഷന് കൊടുത്തിട്ടുണ്ട്. നമുക്ക് പെട്ടെന്ന് അംഗീകാരം കിട്ടും എന്ന് പ്രതീക്ഷിക്കാം.

ശ്രീ. സി. പി. മുഹമ്മദ്: ഖാദി തൊഴിലാളി ക്ഷേമനിധി പദ്ധതികളെക്കുറിച്ച് പഠിക്കുന്നതിന് സമിതിയെ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ റിപ്പോർട്ട് ലഭിച്ചോ; റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. സി. എഫ്. തോമസ്: പ്രത്യേക നോട്ടീസ് വേണം.

ശ്രീ. വി. കെ. സി. മമ്മത്കോയ: ഖാദി മേഖലയിൽ കുറഞ്ഞ മുതൽമുടക്കിൽ ധാരാളം ആളുകൾ ജോലി എടുക്കുന്ന നിരവധി വ്യവസായങ്ങൾ ഉണ്ട്. ഈ വ്യവസായങ്ങൾ വാറ്റ് സമ്പ്രദായം വന്നതിനുശേഷം വളരെ പ്രതിസന്ധിയിലാണ്. 21 ഇനം ഖാദിഗ്രാമ വ്യവസായ ഉൽപ്പന്നങ്ങളെ വാറ്റിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. കൈ കൊണ്ടുണ്ടാക്കുന്ന സോപ്പ് പോലെയുള്ള സാധനങ്ങൾ ഇന്ന് മാർക്കറ്റ് ചെയ്യാൻ സാധിക്കുന്നില്ല. 21000 രജിസ്റ്റർ ചെയ്ത യൂണിറ്റുകളിലായി 80000-ത്തോളം തൊഴിലാളികൾ പ്രവർത്തിക്കുന്നുണ്ട്. ഈ യൂണിറ്റുകളിൽ വാറ്റ് വരുന്നതിനുമുമ്പ് 50 ലക്ഷം രൂപ വരെയുള്ളതിനെ ടാക്സിൽ നിന്ന് ഒഴിവാക്കിയിരുന്നു. വാറ്റ് വന്നതിനുശേഷം അതിനൊക്കെ ടാക്സ് വന്നതുകൊണ്ട് ഈ വ്യവസായങ്ങളൊക്കെ പ്രതിസന്ധിയിലാണ്. അപ്പോൾ പഴയപോലെ ഖാദിയിൽ രജിസ്റ്റർ ചെയ്ത വ്യവസായങ്ങൾക്ക് 50 ലക്ഷം രൂപ വരെയുള്ളതിനെ ടാക്സിൽ നിന്ന് ഒഴിവാക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി മുൻകൈ എടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എഫ്. തോമസ്: അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. കൂടുതൽ എക്സംപ്ഷൻ കൊടുക്കുന്നതാണ് ഉചിതം. അതിനുള്ള ശ്രമങ്ങൾ നടക്കുകയാണ്. ഇപ്പോൾ 21 ഇനങ്ങൾക്കുണ്ട്. ഖാദിക്ക് മുഴുവനായിട്ടുണ്ട്.

ശ്രീ. കെ. എ. ചന്ദ്രൻ: ഖാദി തൊഴിലാളികളുടെ ക്ഷേമനിധി ബോർഡ് ഇപ്പോൾ ജീവനക്കാരുടെ വിഹിതം കൊണ്ടുമാത്രമാണ് പ്രവർത്തിക്കുന്നത്. തൊഴിലാളികളുടെ വിഹിതത്തിന് തത്തുല്യമായി സർക്കാർ കൊടുക്കേണ്ട വിഹിതം വലിയ കുടിശ്ശികയാണ്. അതുകൊണ്ട് ക്ഷേമനിധി ബോർഡ് നമ്മൾ വിചാരിച്ച പോലെ മുന്നോട്ടു കൊണ്ടുപോകാൻ കഴിയുന്നില്ല. ഭരത് ഭൂഷൺ കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് കൈത്തറി-ഖാദി മേഖലയ്ക്ക് പല കാര്യങ്ങളും നടപ്പിലാക്കേണ്ടതായിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം നിരവധി കുടിശ്ശിക കൊടുത്തുവെങ്കിലും ആ കമ്മിറ്റിയുടെ പല ശുപാർശകളും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. അത് കഴിവതുംവേഗം നടപ്പിലാക്കുമോ?

ശ്രീ. സി. എഫ്. തോമസ്: അംശദായം കൊടുക്കുന്ന കാര്യത്തിൽ ഇനിയും കുറേക്കൂടി കൊടുക്കാനുണ്ട്. അത് കഴിവിന്റെ പരമാവധി കൊടുക്കാൻ ശ്രമിക്കാം.

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: ഇവിടെ മിനിമം കൂലിയെക്കുറിച്ച് പറഞ്ഞു. ഖാദി ഉപയോഗിക്കുന്നവർ അത് അലക്കിത്തേച്ച് ഉപയോഗിക്കുന്നതിനുവേണ്ടി ഒരു മാസം ചെലവഴിക്കുന്ന തുകപോലും ഖാദി തൊഴിലാളികൾക്ക് കിട്ടുന്നില്ല. ഇവിടെ ഖാദി കമ്മിഷനെക്കുറിച്ചുപറഞ്ഞു, ഖാദി കമ്മിഷനിൽ നമ്മൾ ഇടപെടണം. ഞാൻ ഒരു പ്രതിപക്ഷ-ഭരണപക്ഷ രീതിയിൽ പറയുന്നതല്ല. കേന്ദ്രത്തിലെ ഇന്നത്തെ പുതിയ സാഹചര്യം ഉപയോഗപ്പെടുത്തി ഖാദി കമ്മിഷനിൽ ഇടപെട്ട് മിനിമം വേജസ് അംഗീകരിപ്പിക്കാനുള്ള പ്രവർത്തനത്തിൽ എന്ത് നടപടി സ്വീകരിക്കും?

ശ്രീ. സി. എഫ്. തോമസ്: അതൊരു നല്ല നിർദ്ദേശമാണ്. നമുക്കെല്ലാവർക്കും കൂടി, പാർലമെന്റിലെ നമ്മുടെ എം.പി.-മാർ വഴിയും അല്ലാത്ത തരത്തിലുമൊക്കെ ശ്രമിക്കാം. ഗവൺമെന്റ് ആ ശ്രമങ്ങൾക്ക് നേതൃത്വം കൊടുക്കാം.

ശ്രീ. കെ. ബാബു: സംസ്ഥാനത്തെ ഖാദി ഗ്രാമ വ്യവസായ യൂണിറ്റുകൾ വലിയ പ്രതിസന്ധിയിലാണെന്നുള്ളത് എല്ലാവർക്കുമറിയാം. ആ യൂണിറ്റുകൾ കളക്ട് ചെയ്തിട്ടില്ലാത്ത ടാക്സിന്റെ പേരിൽ റവന്യൂ റിക്കവറി നോട്ടീസുകൾ അയച്ചുകൊണ്ടിരിക്കുകയാണ്. ഖാദി ഗ്രാമ വ്യവസായ യൂണിറ്റുകൾ കളക്ട് ചെയ്തിട്ടില്ലാത്ത ടാക്സ് ഒഴിവാക്കുന്നതിനുവേണ്ടി ഗവൺമെന്റ് ഒരു നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാൻ തയ്യാറാകുമോ?

ശ്രീ. സി. എഫ്. തോമസ്: അതിനാവശ്യമായ നടപടികൾ ധനകാര്യ വകുപ്പുമന്ത്രി സ്വീകരിക്കുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. അങ്ങനെ ഒരാക്ഷേപമുണ്ട്. ആ കാര്യത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ആവശ്യമായ നടപടികൾ സ്വീകരിക്കും.

ശ്രീ. ടി. എം. ജേക്കബ്: ഖാദി കമ്മിഷൻ നമ്മുടെ സംസ്ഥാനത്തേക്ക് പണം നൽകുന്നതിനുള്ള ഒരു ബുദ്ധിമുട്ടായി ചൂണ്ടിക്കാണിക്കുന്നത് ഇവിടെ വിവിധ യൂണിറ്റുകൾക്ക് നൽകുന്ന പണം കൃത്യമായി വിനിയോഗിക്കുന്നതിന് വകുപ്പുകൾക്ക് കൊടുക്കുന്നില്ല എന്നുള്ളതാണ്. അത് ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എഫ്. തോമസ്: ഇവിടെ ഇതുവരെ അതുവന്നിട്ടില്ല. ഇവിടെയെല്ലാം സമയത്തുതന്നെ കൊടുക്കുന്നുണ്ട്.

ശ്രീ. കെ. കെ. ഷാജു: എന്റെ മണ്ഡലത്തിലെ ഒരു പട്ടികജാതി സഹകരണ സംഘത്തിൽ ഖാദി ഗ്രാമ വ്യവസായ യൂണിറ്റിന്റെ സഹായത്തോടുകൂടി പുതിയ വ്യവസായ യൂണിറ്റ് ആരംഭിച്ചു. 1983-ലാണ് അത് ആരംഭിച്ചത്. അന്ന് പ്രവർത്തന മൂലധനം കൊടുക്കാതിരിക്കുന്നതുകൊണ്ടുതന്നെ ഈ വ്യവസായ യൂണിറ്റിന് പിന്നീട് പ്രവർത്തിക്കാൻ കഴിഞ്ഞില്ല. 23 വർഷങ്ങൾക്കുശേഷം ആ സഹകരണസംഘത്തിൽ അന്ന് അംഗങ്ങളായിരുന്ന 10 ആളുകളുടെ പേരിൽ ഇപ്പോൾ റിക്കവറി നടപടികൾ വന്നിരിക്കുകയാണ്. ആകെ 5 സെന്റ് സ്ഥലവും പഴകി ദ്രവിച്ച കുറച്ച് പലകയുമല്ലാതെ അവിടെ വേറെ സാധനങ്ങളൊന്നുമില്ല. ഇത്തരം യൂണിറ്റുകളൊന്നും തന്നെ ഇല്ലെങ്കിലും ബാധ്യതയിൽ നിന്നും ഒഴിവാക്കാനോ അതല്ലെങ്കിൽ ഇത് പുനഃരുദ്ധരിക്കുന്നതിന് ആവശ്യമായിട്ടുള്ള പണം നൽകുന്നതിനോ ഉള്ള നടപടികളെന്തെങ്കിലും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമോ?

ശ്രീ. സി. എഫ്. തോമസ്: ഇതിന്റെ ഡീറ്റെയിൽസ് സഹിതം പ്രത്യേകമായി തരികയാണെങ്കിൽ പ്രത്യേകമായി പരിശോധിക്കാം.

സംസ്ഥാനത്തെ അന്താരാഷ്ട്ര ടൂറിസം കേന്ദ്രങ്ങൾ

3 [*87] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ നാല് വർഷത്തിനിടയ്ക്ക് അന്താരാഷ്ട്ര ടൂറിസം കേന്ദ്രങ്ങളായി സംസ്ഥാനത്തെ ഏതെല്ലാം പ്രദേശങ്ങളെ കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ പ്രദേശങ്ങളിൽ ടൂറിസ്റ്റുകൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനായി കേന്ദ്രത്തിൽ നിന്നും എന്തെല്ലാം സഹായങ്ങൾ ലഭിച്ചിട്ടുണ്ട്;

(സി) ഈ കേന്ദ്രങ്ങളുടെ വികസനത്തിനായി സംസ്ഥാന സർക്കാർ അനുവദിക്കുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ): സർ, (എ & ബി): അന്താരാഷ്ട്ര ടൂറിസം കേന്ദ്രങ്ങളായി ടൂറിസം കേന്ദ്രങ്ങളെ പ്രഖ്യാപിക്കുന്ന പതിവ് കേന്ദ്ര സർക്കാരിനില്ല. എന്നാൽ സംസ്ഥാനങ്ങളിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പുതിയ ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിനും കേന്ദ്ര ടൂറിസം വകുപ്പ് സംസ്ഥാന ടൂറിസം വകുപ്പിന് നേരിട്ട് ധനസഹായം നൽകുന്നുണ്ട്. ഇത്തരത്തിൽ കേന്ദ്രത്തിൽ നിന്ന് ധനസഹായം നേടിയെടുക്കുന്നതിൽ കേരളം ഏറ്റവും കൂടുതൽ ശ്രദ്ധ പതിപ്പിച്ചിട്ടുള്ളത് ഈ സർക്കാരിന്റെ കാലത്താണ്. 2001-02-ൽ കേന്ദ്ര സഹായം കേവലം 5.50 കോടി രൂപയായിരുന്നുവെങ്കിൽ നടപ്പുസാമ്പത്തികവർഷം

LIBRARY ARCHIVES Kerala Legislative Assembly